പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5138 — 05.07.2012 ൽ മറുപടിയ്ക്ക്

## അതിരപ്പിള്ളി പദ്ധതിയ്ക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) തമിഴ് നാട് ശുണ്ടിയ പദ്ധതിയ്ക്കായി 200 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി 400 ഹെക്ടറോളം വനഭൂമി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വിട്ടുനൽകുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കേരളത്തിലെ അതിരപ്പിള്ളി പദ്ധതിയ്ക്ക് കേവലം 30 ഹെക്ടർ വനഭൂമി 123 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി നേടിയെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ? | (ബി) & (സി) | 163 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അതിരപ്പിള്ളി ജല വൈദ്യുത പദ്ധതി നടപ്പാക്കാൻ ആവശ്യമായ 138.6 ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയവും സംസ്ഥാന വനം വകുപ്പും അനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് 2007-ൽ ലഭിച്ച പാരിസ്ഥിതികാനുമതി റദ്ദുചെയ്യാതിരിക്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 04.01.2010-ൽ കെ.എസ്.ഇ.ബി.യ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കി. നോട്ടീസിന് കെ.എസ്.ഇ.ബി. നല്കിയ മറുപടി Expert Appraisal Committee പരിശോധിച്ച് തൃപ്തി രേഖപ്പെടുത്തുകയുണ്ടായി. കേന്ദ്ര ജല കമ്മീഷൻ പദ്ധതിക്ക് ജല ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിരുന്നു. അതിനു ശേഷം, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം, പദ്ധതിയുടെ പാരിസ്ഥിതികാഘാതം വിശകലനം ചെയ്യാൻ പ്രൊഫ. മാധവ് ഗാഡ്ഗിൽ അദ്ധ്യക്ഷനായ പാനലിനോട് (WGEEP) നിർദ്ദേശിക്കുകയും പ്രസ്തുത പാനൽ സമർപ്പിച്ച റിപ്പോർട്ടിൽ പദ്ധതി പ്രദേശം അതീവ പ്രാധാന്യമുള്ള പരിസ്ഥിതി ദുർബലപ്രദേശത്തിൽ (EAZI) ഉൾപ്പെട്ടിട്ടുള്ളതാണെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് പ്രതികൂല നിലപാടാണ് |

(--2)

കൈക്കൊണ്ടിട്ടുള്ളത്. പ്രസ്തുത നിലപാട് അംഗീകരിക്കാൻ കഴിയുകയില്ലെന്നും പശ്ചിമ ഘട്ടപരിസ്ഥിതി സംരക്ഷണ രൂപരേഖ അന്തിമമായി രൂപപ്പെടുത്തുമ്പോൾ സംസ്ഥാന സർക്കാരിന്റെ ആശങ്കകളും, അഭിപ്രായങ്ങളും, നിർദ്ദേശങ്ങളുംകൂടികണക്കിലെടുക്കേണ്ടതാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്; അല്ലാത്ത പക്ഷം, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഗാഡ്ഗിൽ കമ്മിറ്റിയുടെ ശുപാർശകളിന്മേൽ സംസ്ഥാനങ്ങൾ ഉചിതമായ നടപടികൾ സ്വീകരിക്കാൻ അനുമതി നൽകണമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ പാരിസ്ഥിതികാനുമതി നല്കാൻ ഗാഡ്ഗിൽ കമ്മിറ്റി വിസമ്മതിച്ച കർണാടകയിലെ ഗുണ്ടിയ പദ്ധതി പുനഃപരിശോധിക്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 55- മത് യോഗം ശുപാർശ ചെയ്യാൻ തീരുമാനിച്ച സാഹചര്യത്തിൽ, സമാനമായ അതിരപ്പിള്ളി പദ്ധതിയുടെ കാര്യത്തിലും പുനഃപരിശോധന വേണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. പരിസ്ഥിതിയ്ക്ക് കോട്ടംതട്ടാതെ പദ്ധതി നടപ്പിലാക്കണമെന്നതാണ് സർക്കാരിന്റെ നയം.

സെക്ഷൻ ഓഫീസർ